കേരള സർക്കാർ

.

# മുടക്കുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(പി2)2026/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :22/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ .ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

.റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഇ.കെ.എം.(പി2)2026/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി :22/11/2017

## എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017 മുതൽ 27-10-2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും | ശ്രീ. അബ്ദുൾ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈബി ഇ. ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രവീൺ വി.എൻ., ഓഡിറ്റർ |

.

<u>(ബി) നിർവ്വഹണാധികാരികൾ</u>

| സ്ഥാനം/ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷൈമി വർഗ്ഗീസ് | 01-04-16 മുതൽ 31-03-17 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. ബി.സുധീർ | 01-04-16 മുതൽ 22.09.2016വരെ |
| | ശ്രീ. കെ.എൻ. രമേശ്, അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 23.09.16 മുതൽ 19.12.2016 വരെ |
| | ശ്രീമതി. കെ. സി. അനിത | 20.12.2016 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. കെ.എൻ.രമേശ് | 01-04-16 മുതൽ 31-03-17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഗേളി മേരി ജോർജ്ജ് | 01-04-16 മുതൽ 31-03-17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ചന്ദ്രബിന്ദു കെ ആർ | 01-04-16 മുതൽ 31-03-17 വരെ |
| വെറ്ററിനറി സർജൻ, തുരുത്തി | ഡോ. പ്രസന്ന കെ. | 01-04-16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ,മുടക്കുഴ | ഡോ.ആശാലത | 01-04-16 മുതൽ 21.09.16 വരെ |
| | ഡോ. പ്രസന്ന കെ. | 22-09-16 മുതൽ 04.10.16 വരെ |
| | ഡോ.ജെസ്സി എ. എസ്. | 05.10.16 മുതൽ 21.11.16 വരെ |
| | ഡോ.എൽദോ കെ. വർഗ്ഗീസ് | 22.11.16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.രജിക കുട്ടപ്പൻ | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ ആശുപത്രി | ഡോ.പി. കെ.ലത | 01-04-16 മുതൽ 31-03-17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | ഡോ.റഹിം അബ്ദുൾ | 01-04-16 മുതൽ 20.01.17 വരെ |
| | ഡോ.സ്മിത കെ. മോഹൻ | 21.01.17 മുതൽ 31-03-17 വരെ |
| ഹെഡ് മാസ്റ്റർ ഗവ:എൽപി.എസ്. | ശ്രീമതി. സി.എ.ഓമന | 01-04-16 മുതൽ 31-03-17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സിജിമോൾ എ.എൻ. | 01-04-16 മുതൽ 31-03-17 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഫ്രാൻസിസ് ജോൺ | 01-04-16 മുതൽ 31-03-17 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. രശ്മി എൻ. നമ്പൂതിരി | 01-04-16 മുതൽ 31-03-17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | <u>ഭാഗം -1</u> | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് – ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തൊഴിൽനികുതിയിനത്തിൽ 24240/- രൂപ അടവാക്കി | 1-12 |
| ഭാഗം 2 | | |
| 13 | തൊഴിൽ നികുതി ഈടാക്കുന്നതിലെ ന്യൂനതകൾ | 2-1 |
| 14 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-2 |
| 15 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 2-3 |
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-4 |
| 17 | വസ്തുനികുതി നിർണ്ണയം – അപാകത | 2-5 |
| 18 | ഡി & ഒ ലൈസൻസ് എടുക്കാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വൻ നഷ്ടം | 2-6 |
| 19 | ഇ-ടെൻഡർ - ടെൻഡർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-7 |
| ഭാഗം 3 | | |
| 20 | സെന്റേജ് ചാർജ്ജ് അധികം നൽകി-നഷ്ടം 15360/-രൂപ | 3-1 |
| 21 | സാക്ഷരതാ പ്രേരക്മാരുടെ വേതനം - കുടിശ്ശിക | 3-2 |
| 22 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം -പ്രോജക്ട് പൂർത്തിയായില്ല | 3-3 |
| 23 | മരുന്ന് ലഭ്യമായില്ല | 3-4 |
| ഭാഗം 4 | | |
| പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരം | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 27 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 32 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധങ്ങൾ | |

| | | |
|---|---|---|
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 34 | ഓഡിറ്റുചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം 2 |
| 35 | ഓഡിറ്റുചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 3 |
| 36 | ഓഡിറ്റുചെയ്ത റസീപ്റ്റ് & പേമെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം 4 |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിലെ 1-ാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം (മുൻ ബാക്കി ഉൾപ്പെടെ) | 98231325 | 96395000 |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | 39347355 | 35225339 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, B ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള 35870863/- രൂപയുടെ വരവുചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ടെന്ന് കാണാം. ആയതിനാൽ ബജറ്റ് കൂടുതൽ കൃത്യതയോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 7.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്നല്കിയതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8751727.90 |
| വരവ് | 39347355.00 |
| ആകെ | 48099082.90 |
| ചെലവ് | 35225339.00 |
| നീക്കിയിരിപ്പ് | 12873743.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 7502244 | 6498210 | 86.62 |
| വികസനഫണ്ട് - എസ്.സി.പി. | 5370435 | 3963578 | 73.80 |
| വികസനഫണ്ട് - ടി.എസ്.പി. | 2241 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 13664628 | 3911145 | 28.62 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 2554755 | 1823604 | 71.38 |

| | | | |
|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4208037 | 2746471 | 65.27 |
| പെർഫോമൻസ് ഗ്രാന്റ് | 2609699 | 715017 | 27.40 |
| ബി. ഫണ്ട് | 22797570 | 22797570 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 13792299 *(മുന്നിരിപ്പ് രൂ. 2351 ഉൾപ്പെടെ)* | 13788797 | 99.9% *(3502 രൂ. നീക്കിയിരിപ്പ്)* |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 149 | 52787319 | 88 | 24181542 | 48 | 13 | 59% |

# 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം *49* ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 4334074 | 6303563 | (+)1969489 | (+)45 |
| നികുതിയേതര വരവുകൾ | 576919 | 1093495 | (+)516576 | (+)89.5 |
| മറ്റ് വരവുകൾ | 202425 | 228888 | (+)26463 | +)12 |
| ആകെ | 5113418 | 7625946 | (+)2512528 | (+) 49 |

.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 53160 | 38 |
| കർഷകതൊഴിലാളി പെൻഷൻ | 4254920 | 534 |
| വിധവാപെൻഷൻ | 6646460 | 749 |
| വാർദ്ധക്യകാലപെൻഷൻ | 9134635 | 1131 |
| വികലാംഗപെൻഷൻ | 2334635 | 285 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 343760 | 45 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 30000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ *7778/-*(ഏഴായിരത്തി എഴുനൂറ്റി എഴുപത്തെട്ട് )രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ

1. ലോഗ് ബുക്ക്

എ) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 40-K-2253 ബലേറോ വാഹനത്തിന്റെ ലോഗ് ബുക്കിൽ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ ടെസ്റ്റ് സർട്ടിഫിക്കറ്റ് അറ്റാച്ച് ചെയ്യുകയോ ചെയ്തിട്ടില്ല.

ബി) എല്ലാ മാസാവസാനത്തിലും അതാത് മാസത്തെ ആകെ ഇന്ധന ഉപയോഗം കണക്കാക്കി ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി) താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ഡീസൽ വാങ്ങൽ ലോഗ് ബുക്കിൽ

രേഖപ്പെടുത്തിയിട്ടില്ല.

ബിൽ നം. 859 തീയതി 31.05.16 ( 42.28 ltr)

„ 3950 „ 30.12.16 ( 54.37 ltr )

2. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകുന്ന അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ഇൻകുംബെൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

രജിസ്റ്ററുകൾ മാതൃകാപരമായി എഴുതി സൂക്ഷിക്കുന്നതിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.10.2017 മുതൽ 07.10.2017 വരെ | 01.09.17-30.09.17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 മുതൽ 22.04.2015 വരെ | 2010-11 മുതൽ 2014-15 വരെ | 19.06.2015 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തൊഴിൽ നികുതിയിനത്തിൽ 24,240/- രൂപ അടവാക്കി

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ 25.10.2017 ൽ രസീത് നം. 11701010641, 11701010646, 11701010636 എന്നിവ പ്രകാരം 24,240/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ ന്യൂനതകൾ

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

(1) 2016-17 ൽ ഡി & ഒ ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റ പേര് | ലൈസൻസ് നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ദീപ ഷൈജു 2/22A,23 | പി.വി.പി & സൺസ് ഏജൻസീസ്, അകനാട് | 63/16-17 | 12 |
| 2 | ലിബിൻ സി. ബാലൻ 1/78A | എൽ & വി പോളിമേഴ്സ്, ഇളമ്പകപിള്ളി | 64/16-17 | 2 |
| 3 | രമ രാജീവ് 3/383,384 | അരുൺ പ്രോഡക്ട്സ്, ചുണ്ടക്കുഴി | 82/16-17 | 12 |
| 4 | വിബിൻ പി 2/109 | ബ്ലൂ ഇൻഡസ്ട്രീസ്, അകനാട് | 88/16-17 | 9 |
| 5 | ആന്റണി എം.പി. 2/408 | മാണിക്ക്യത്താൻ മോഡേൺ റൈസ് മിൽ, കുറിച്ചിലക്കോട് (പ്രീയം റൈസ്) | 100/16-17 | 8 |
| 6 | ജോർജ്ജ് പി.വി. 9/134G | ജീയെം ആഗ്രോ മിൽസ്, ഇളമ്പകപിള്ളി (റാണി മിൽസ്) | 124/16-17 | 18 |
| 7 | ലീന വിനോദ് 11/94 | വി.എൻ.എൽ കാർട്ടൺസ്, അകനാട് | 131/16-17 | 6 |
| 8 | എൽദോ മാത്യു 3/406A,B | കല്ലുങ്കൽ പോളിമേഴ്സ്, ചുണ്ടക്കുഴി | 150/16-17 | 6 |

| | | | | |
|---|---|---|---|---|
| 9 | സുരേഷ് എൻ.കെ. 2/268A | കൃഷ്ണ പ്ലാസ്റ്റിക്സ്, അകനാട് | 184/16-17 | 6 |
| 10 | ബേബി പി.പി. 2/137 | ക്യാസിൽ പ്ലാസ്റ്റ്, അകനാട് | 181-16-17 | 12 |
| 11 | ഷക്കീർ പി.എം. 9/256 | ഡെക്കാൺ പ്ലൈവുഡ്സ്, പെട്ടമല | 42/16-17 | 20 |
| 12 | പത്രോസ് ജേക്കബ് 5/85 | ആൽപൈൻ പാക്കോജിംഗ്, ചുണ്ടക്കുഴി | 46/16-17 | 8 |
| 13 | അനിൽലാൽ & ദീപലാൽ 1/244 | ലാലാ അഗ്രോ ട്രോപിക് (പ്രൈ) ലി., ഇളമ്പകപിള്ളി | 49/16-17 | 17 |
| 14 | ജിബുലാൽ ഇ.ജി. 11/54 | കോയിൻകോ പ്ലാസ്റ്റ്, അകനാട് | 35/16-17 | 9 |

(2) ബി.എസ്.എൻ.എൽ, ചുണ്ടക്കുഴി ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ടി ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന് വിധേയമായി പഞ്ചായത്ത് ഹോംസ്റ്റേ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 40/-രൂപയായി അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ കേരള ടൂറിസം വകുപ്പിന്റെ 23.3.2016 ലെ M5-1900/14 ലെ ഉത്തരവ് പ്രകാരം അംഗീകാരമുള്ള ശ്രീ. സോളമൻ എ.ജെ, ആലിയാട്ടുകുടി, മുടക്കുഴ പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 'യോഗ ലൈഫ് ഹോംസ്റ്റേ' എന്ന സ്ഥാപനത്തിന്റെ ആകെ 140 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള ഹോംസ്റ്റേ ആവശ്യത്തിനുള്ള 10/356 നമ്പരിലുള്ള കെട്ടിടത്തിനെ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6 രൂപ നികുതി നിരക്ക് പ്രകാരമാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം 2016-17ലെ ഡി & ഒ ലൈസൻസിന് വേണ്ടി സമർപ്പിച്ചിരിക്കുന്ന അപേക്ഷയോടൊപ്പം കേരള ടൂറിസം വകുപ്പിന്റെ 23.3.2013 ലെ P7-17491/12 ലെ ഉത്തരവ് പ്രകാരം 23.03.2013 മുതൽ പ്രവർത്തിക്കുന്നതിന് അംഗീകാരം ലഭിച്ചതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. ഹോംസ്റ്റേ വിഭാഗത്തിലുള്ള കെട്ടിടത്തിനെ പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി നം. 6 ന് പ്രസ്തുത സ്ഥാപനത്തിനെ 40/- രൂപ നിരക്കിൽ നികുതി നിശ്ചയിച്ച് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറയിക്കേണ്ടതാണ്.

# 2-3 <u>മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല</u>

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 5 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയമാണ് നടത്തിയിട്ടുള്ളത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.15) ന് മറുപടി ലഭിച്ചത് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വേങ്ങൂർ വെസ്റ്റ് വില്ലേജിൽ ഉൾപ്പെട്ട വാർഡ് 7 ലെ ബി.എസ്.എൻ.എൽ മുടക്കുഴ മൊബൈൽ ടവറിന്റെയും, വാർഡ് 4 ലെ ബി.എസ്.എൻ.എൽ ചുണ്ടക്കുഴി മൊബൈൽ ടവറിന്റെയും വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല എന്ന വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ ഉപയോഗത്തിനായി നീക്കിവെക്കപ്പെട്ടിട്ടുള്ള മുഴുവൻ ഭാഗത്തെയും (ടവറിന്റെ പോൾസ്ട്രക്ചർ, അനുബന്ധ മുറികളുടെ വിസ്തീർണ്ണം) നികുതി ചുമത്തേണ്ടതാണ്. നിലവിൽ വസ്തുനികുതി നിർണ്ണയം നടത്താത്ത 2 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് തുക ഈടാക്കുന്നതിനും കൂടാതെ കെട്ടിട നം. 10/11 ലെ വൊഡാഫോൺ ടവറിന്റെ കുടിശ്ശിക ഇനത്തിലുള്ള തുക ഈടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 <u>വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച്</u>

## വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവിന് വിധേയമായി പഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം 100 ചതുരശ്ര മീറ്റർ വരെയുള്ളതിന് ചതുരശ്രമീറ്ററിന് 40/-രൂപയായും 100 ചതുരശ്ര മീറ്ററിന് മുകളിലുള്ളതിന് ചതുരശ്രമീറ്ററിന് 60/-രൂപയായും വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

എന്നാൽ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ആകെ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് താഴെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 40/-രൂപ പ്രകാരമുള്ള നികുതി നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ശ്രീ. പോൾ, പൊട്ടയ്ക്കൽ, മുടക്കുഴ പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള XII/405A, 405A1, 405B, 405C, 405D, 405E എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 308.37 ചതുരശ്ര മീറ്ററും, ഒന്നാം നിലയിലെ XII/405F, 405G, 405H, 405I, 405J എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 352.28 ചതുരശ്ര മീറ്ററുമാണ്. ഇതുപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 660.65 ചതുരശ്ര മീറ്ററാണ്.

(2) ശ്രീമതി. ലത ജയകുമാർ, വടക്കുന്നത്ത്, വേങ്ങൂർ പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള X/121A, 121B, 121C എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 72.24 ചതുരശ്ര മീറ്ററും, ഒന്നാം നിലയിലെ X/121D, 121E, 121F എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 72.24 ചതുരശ്ര മീറ്ററുമാണ്. ഇതുപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 144.48 ചതുരശ്ര മീറ്ററാണ്.

(3) ശ്രീ. ബൈജു ഇ.എം, ഇടക്കര, തുരുത്തി പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലെ VIII/66A, 66B, 66C, 66D, 66E എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 121.84 ചതുരശ്ര മീറ്ററാണ്.

(4) ശ്രീ. അർഷൽ പീറ്റർ, പള്ളുപ്പട്ട, ഇളമ്പകപിള്ളി പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള XI/420, 421, 422, 423 എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 56 ചതുരശ്ര മീറ്ററും, ഒന്നാം നിലയിലെ XI/423A, 423B, 423C, 423D, എന്നീ നമ്പറിലുള്ള മുറികളുടെ ആകെ തറവിസ്തീർണ്ണം 140.98 ചതുരശ്ര മീറ്ററുമാണ്. ഇതുപ്രകാരം പ്രസ്തുത കെട്ടിടത്തിന്റെ

ആകെ തറവിസ്തീർണ്ണം 196.98 ചതുരശ്ര മീറ്ററാണ്. കൂടാതെ കെട്ടിട ഉടമ സമർപ്പിച്ചിരിക്കുന്ന കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാനിൽ താഴത്തെ നില 100.42 ച.മീ, ഒന്നാം നില 120.17 ച.മീ, സ്റ്റെയർ റൂം 20.83 ച.മീ എന്നിവ പ്രകാരം ആകെ തറവിസ്തീർണ്ണം 241.42 ച.മീ എന്നാണ്. എന്നാൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ 196.48 ച.മീ തറ വിസ്തീർണ്ണം മാത്രമേ കണക്കാക്കിയിട്ടുള്ളൂ, ബാക്കി 44.44 ച.മീറ്റർ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഒരു കെട്ടിടത്തിന് രണ്ടോ അതിലധികമോ ഉപയോഗങ്ങൾ ഒരേ സമയം ബാധകമാകുമ്പോൾ മാത്രമാണ് പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കാൻ നിഷ്കർഷിച്ചിട്ടുള്ളത്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുമ്പോൾ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നികുതി നിരക്ക് പ്രകാരം നികുതി നിർണയം നടത്തേണ്ടതാണ്.

ഇപ്രകാരം കുറവായി വസ്തുനികുതി നികുതി നിർണ്ണയം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി ലഭിച്ചിട്ടില്ല.

. ടി കെട്ടിടങ്ങളുടേയും നിലവിൽ ഇതേ രീതിയിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ള സമാനമായ വാണിജ്യ കെട്ടിടങ്ങളുടെയും കൂട്ടിചേർക്കൽ മൂലം 100 ച.മീ.ന് മേൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി നിർണ്ണയം - അപാകത

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 24.02.2015 ലെ സ.ഉ (അ) 36/2015 /തസ്വഭവ നമ്പർ ഉത്തരവിന്റെ (എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം) അടിസ്ഥാനത്തിൽ പഞ്ചായത്ത് മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്റ്റ് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഒരു ചതുരശ്ര മീറ്ററിന് 25/-രൂപയായി

അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്റ്റ് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര്/ കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | നിബിൻ ഇ.പി. 2/84B | ബ്ലു പ്ലാസ്റ്റ് ഇൻഡസ്ട്രീസ്, അകനാട് | 285 |
| 2 | എൽദോ പി. വർഗ്ഗീസ് 1/61B | മാജിക്ക് സ്റ്റീൽ ഫർണ്ണീച്ചർ, ഇളമ്പകപിള്ളി | 184.07 |
| 3 | മുരളീധരൻ എൻ. 4/286 | എം & റ്റി പോളിമേഴ്സ്, ചെട്ടിനട | 396.43 |
| 4 | കരുണാകരൻ 1/162 | മാതാ പ്ലാസ്റ്റിക്ക്, ഇളമ്പകപിള്ളി | 182 |
| 5 | അനിൽകുമാർ 3/378 | പെരിയാർ ടൈൽസ് പ്രോഡക്ട്സ്, ചുണ്ടക്കുഴി | 317.4 |
| 6 | വിജോ പീറ്റർ 4/136A | വെർജിൻ പോളിമേഴ്സ്, ചുണ്ടക്കുഴി | 344 |
| 7 | വിബിൻ പി. 2/109 | ബ്ലു ഇൻഡസ്ട്രീസ്, അകനാട് | 199.5 |
| 8 | ആന്റണി എം.പി. 2/408 | മാണിക്ക്യത്താൻ മോഡേൺ റൈസ് മിൽ, കുറിച്ചിലക്കോട് (പ്രീയം റൈസ്) | 1353 |
| 9 | സലീം എ.എസ്. 9/324,325,326 | പ്രീമിയം പ്ലൈവുഡ്സ്, പെട്ടമല | 658 |
| 10 | എൽദോ ചിറയ്ക്കൽ | ചിറയ്ക്കൽ മിൽസ്, പ്രളയക്കാട് | 191 |

| | | | |
|---|---|---|---|
| | 9/382 | | |
| 11 | വിബിൻ പി. 2/347A | എല്ലോറ ഗാർമെന്റ്സ്, അകനാട് | 276.36 |
| 12 | ദീപ ഷാജി 2/132A | എസ്.ജെ. ഇൻഡസ്ട്രീസ്, അകനാട് | 288 |
| 13 | എൽദോ മാത്യൂ 3/406A,B | കല്ലുങ്കൽ പോളിമേഴ്സ്, ചുണ്ടക്കുഴി | 376 |
| 14 | ആഷിം എ.കെ. 2/397B | ന്യൂ ഷിഫാ പോളിമേഴ്സ്, അകനാട് | 486 |
| 15 | ബേബി പി.പി. 2/137 | ക്യാസിൽ പ്ലാസ്റ്റ്, അകനാട് | 240 |
| 16 | അലിയാർ കെ.പി. 9/327 | കോക്കാടൻ പ്ലൈവുഡ്സ്, പെട്ടമല | 750 |

മുകളിൽ പറഞ്ഞിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പമെന്റ് ആക്റ്റ് 2006 (2006ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്ക് (നം. 15) മറുപടി ലഭിച്ചിട്ടില്ല. ഇതുപ്രകാരം രജിസ്റ്റർ ചെയ്തതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത സ്ഥാപനങ്ങളെ 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ള' കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 50/- രൂപ നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി & ഒ ലൈസൻസ് എടുക്കാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ വൻ നഷ്ടം.

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം അനുസരിച്ചുള്ള സ്ഥാപനങ്ങൾ | എണ്ണം |
|---|---|---|
| 1 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണം വരെ | 545 |
| 2 | വാണിജ്യം 100 ച.മീ തറവിസ്തീർണ്ണത്തിന് മുകളിൽ | 2 |
| 3 | വ്യവസായം | 101 |
| ആകെ | | 648 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ആകെ എണ്ണം 648 ആണ്. എന്നാൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുംമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 206 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത് ഇവ തമ്മിൽ വളരെ വലിയ അന്തരമുണ്ട്. വാണിജ്യ/വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് തയ്യാറാക്കാത്തത് മൂലം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സാധിക്കാതെ വരുന്നു. ഇത് മൂലം ലൈസൻസ് ഫീ ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും ഗ്രാമപഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടാകുന്നു.

വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച എല്ലാ കെട്ടിടങ്ങളിലും പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിനാവാശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും നിയമപ്രകാരമുള്ള തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടേയും ഭരണവകുപ്പിന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

.

## 2-7 ഇ-ടെൻഡർ - ടെൻഡർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2016-17 വർഷം മുടക്കുഴ ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ വഴി നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് താഴെപ്പറയും പ്രകാരം ഈടാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്.

| വർഷം | ഇ-ടെൻഡർ വഴിയുള്ള | പങ്കെടുത്ത കരാറുകാരുടെ | ടെൻഡർ ഫീസ് |
|---|---|---|---|

| | | | |
|---|---|---|---|
| | പ്രവൃത്തികളുടെ എണ്ണം | എണ്ണം | |
| 2016-17 | 15 | 37 | 63830 |

എന്നാൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് വരവ് വരേണ്ടിയിരുന്ന ടി തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടില്ല. ആയതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെന്റേജ് ചാർജ്ജ് അധികം നൽകി-നഷ്ടം 15360/-രൂപ

2016-17 വർഷം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ പറയും പ്രകാരം 743000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി. എച്ച്. ഡിവിഷൻ, ആലുവക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|---|
| 141/17 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -സംയുക്തം | 220000 | 32/16-17 തീയതി 24.03.17 |
| 143/17 | കാഞ്ഞിരക്കോട് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 25000 | 21/16-17 തീയതി 02.03.17 |
| 144/17 | പുളിഞ്ചോട് ഫാം റോഡ് പൈപ്പ് ലൈൻ നീട്ടൽ | 208000 | 25/16-17 തീയതി 16.03.17 |

| | | | |
|---|---|---|---|
| | | | 26/16-17 തീയതി 16.03.17 |
| 145/17 | മുത്തംകുളം റോഡ് പൈപ്പ് ലൈൻ നീട്ടൽ | 102000 | 24/16-17 തീയതി 16.03.17 |
| 147/17 | അഞ്ചാം വാർഡ് വെട്ടിയേലി നെടുങ്കണ്ണി മുണ്ടൻ തുരുത്ത് റോഡ് പൈപ്പ് ലൈൻ നീട്ടൽ | 100000 | 23/16-17 തീയതി 16.03.17 |
| 142/17 | 10ാം വാർഡ് കാഞ്ഞിരക്കോട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 88000 | 8/16-17 04.02.17 |
| | ആകെ | 743000 | |

പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോറിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യ.ഡി.മാന്വൽ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. മേൽ സൂചിപ്പിച്ച ആറ് പ്രോജക്ടിനുംകൂടി സെന്റേജ് ചാർജിനത്തിൽ 12.5% നിരക്കിൽ ആകെ 76792/- രൂപ നല്കിയിട്ടുണ്ട്. 10% നിരക്കിൽ ആകെ 61432/-രൂപയാണ് ഈയിനത്തിൽ അനുവദനീയമായ തുക. ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

1)141/17

| | |
|---|---|
| വർക്കിംങ് ചാർജ് | 142617 |
| മെറ്റിരീയൽ വില | 51009 |
| പരസ്യചാർജ്ജ് | 1800 |
| സെന്റേജ് ചാർജ് (12.5%) | 24203 |
| അൺഫോർസീൻ | 371 |
| ആകെ | 220000 |

സെന്റേജ് ചാർജ്ജ് 10% നിരക്കിൽ - 19362

അധികം ഈടാക്കിയത് 24203-19362 = 4841

2)143/17

| | |
|---|---|
| വർക്കിംങ് ചാർജ് | 17075 |
| മെറ്റിരീയൽ വില | 2772 |

| | |
|---|---|
| പരസ്യചാർജ്ജ് | 2600 |
| സെന്റേജ് ചാർജ് (12.5%) | 2481 |
| അൺഫോർസീൻ | 72 |
| ആകെ | 25000 |

സെന്റേജ് ചാർജ്ജ് 10%നിരക്കിൽ – 1984

അധികം ഈടാക്കിയത് 2481-1984 = 497

3)144/17

| | |
|---|---|
| വർക്കിംങ് ചാർജ് | 121950 |
| മെറ്റിരീയൽ വില | 30643 |
| പരസ്യചാർജ്ജ് | 2600 |
| സെന്റേജ് ചാർജ് (12.5%) | 19074 |
| റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് | 32918 |
| അൺഫോർസീൻ | 815 |
| ആകെ | 208000 |

സെന്റേജ് ചാർജ്ജ് 10%നിരക്കിൽ – 15259

അധികം ഈടാക്കിയത് 19074 – 15259 = 3815

4) 145/17

| | |
|---|---|
| വർക്കിംങ് ചാർജ് | 70798 |
| മെറ്റിരീയൽ വില | 17338 |
| പരസ്യചാർജ്ജ് | 2600 |
| സെന്റേജ് ചാർജ് (12.5%) | 11017 |
| അൺഫോർസീൻ | 247 |
| ആകെ | 102000 |

സെന്റേജ് ചാർജ്ജ് 10%നിരക്കിൽ – 8813

അധികം ഈടാക്കിയത് 11017- 8813 = 2204

5)147/17

| | |
|---|---|
| വർക്കിംങ് ചാർജ് | 25058 |

| | |
|---|---|
| മെറ്റിരീയൽ വില | 59709 |
| പരസ്യചാർജ്ജ് | 2600 |
| സെന്റേജ് ചാർജ് (12.5%) | 10596 |
| അൺഫോർസീൻ | 2037 |
| ആകെ | 100000 |

സെന്റേജ് ചാർജ്ജ് 10%നിരക്കിൽ – 8477

അധികം ഈടാക്കിയത് 10596-8477 = 2119

6)142/17

| | |
|---|---|
| വർക്കിംങ് ചാർജ് | 37684 |
| മെറ്റിരീയൽ വില | 37681 |
| പരസ്യചാർജ്ജ് | 2600 |
| സെന്റേജ് ചാർജ് (12.5%) | 9421 |
| അൺഫോർസീൻ | 614 |
| ആകെ | 88000 |

സെന്റേജ് ചാർജ്ജ് 10%നിരക്കിൽ – 7537

അധികം ഈടാക്കിയത് 9421-7537= 1884

അധികം നൽകിയ ആകെ തുക = 4841+497+3815+2204+2119+1884= 15360/-

ഇത് സംബന്ധിച്ച് നൽകിയ 27.10.2017 ലെ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെന്റേജ് ചാർജ്ജിനത്തിൽ 15360/-രൂപ അധികം നൽകിയത് വാട്ടർ അതോറിട്ടിയിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ആയത് വാട്ടർ അതോറിട്ടിയിൽ നിന്ന് തിരികെ ഈടാക്കുകയോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 സാക്ഷരതാ പ്രേരക്മാരുടെ വേതനം - കുടിശ്ശിക

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ മുടക്കുഴ CEC, ചുണ്ടക്കുഴി സാംസ്കാരിക കേന്ദ്രം CEC എന്നീ തുടർവിദ്യാകേന്ദ്രങ്ങളിലെ ശ്രീമതി രാധിക എൻ.പി, ശ്രീമതി ബിന്ദു വി. എ. എന്നീ സാക്ഷരതാ പ്രേരക്മാർക്ക് താഴെ കൊടുത്തിരിക്കുന്ന പ്രകാരം ഓണറേറിയവും ഫെസ്റ്റിവൽ അലവൻസും തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

5/2016 മുതൽ 4/2017 വരെ - 125076/- രൂപ
മുൻബാക്കി - 327736/-

തൻവർഷം ലഭിച്ച തുക - 211440/-
ബാക്കി ലഭിക്കുവാനുള്ള തുക - 241372/-

ബാക്കി ലഭിക്കുവാനുള്ള തുക 241372/- രൂപ സാക്ഷരതാമിഷനിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-3 തെരുവ് നായ്ക്കളുടെ വന്ധ്യംകരണം -പ്രോജക്ട് പൂർത്തിയായില്ല

| | |
|---|---|
| പ്രോജക്ട് നം. | S0097/17 |
| പ്രോജക്ടിന്റെ പേര് | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം |
| അടങ്കൽ | 115405/-( ധനകാര്യ കമ്മീഷൻ അവാർഡ്- 50,000/-, തനത് ഫണ്ട്- 65,405/-) |
| ചെലവ് | 51,275/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നമ്പർ/ വൗച്ചർ നമ്പർ | 19/16-17 തീയതി 23.02.2017 തുക 38,805/- 2160077 തീയതി 17.12.2016 തുക12470/- |

2016-17 വർഷം പഞ്ചായത്തിൽ തെരുവ് നായ്ക്കളുടെ വന്ധ്യംകരണം എന്ന പ്രോജക്ടിനായി 115405/-രൂപ വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭ്യമാക്കി. യഥാക്രമം 38,805/-രൂപ, 12,470/-രൂപ എന്നിങ്ങനെ ചെലവഴിച്ച് മൃഗാശുപത്രിയോട് ചേർന്ന് സർജറി മുറി, നായക്കൂട് എന്നിവ പണി കഴിപ്പിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 24.10.2017 ലെ 2-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് നൽകിയ മറുപടിയിൽ പെരുമ്പാവൂർ നഗരസഭയിലെ ABC സെന്റർ പൂർത്തീകരിച്ചിട്ടുള്ളതിനാലും രണ്ടാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് ഓപ്പറേഷൻ ടേബിൾ, ഉപകരണങ്ങൾ എന്നിവ എല്ലാം നൽകുമെന്ന് അറിയിച്ചിട്ടുള്ളതിനാലും ആയത് ലഭ്യമാകുന്ന മുറയ്ക്ക് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം 51275/-രൂപ ചെലവ് ചെയ്തിട്ടുള്ള പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 മരുന്ന് ലഭ്യമായില്ല

| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് രോഗപ്രതിരോധ ഔഷധങ്ങൾ വാങ്ങൽ | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
|---|---|---|

| പ്രോജക്ട് നം | S0160/17 | S020/17 |
|---|---|---|
| അടങ്കൽ | 3,20,550/-<br>(വികസന ഫണ്ട്-ജനറൽ-) | 75,000/-<br>(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവ് | 3,20,550/- | 75,000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| ബിൽ നമ്പർ | 2/16-17 തീയതി | 1/16-17<br>തീയതി 21.01.17 |

<u>പ്രോജക്ട് നം.S0160/17</u>

വയോജനങ്ങൾക്ക് രോഗപ്രതിരോധ ഔഷധങ്ങൾ വാങ്ങുന്ന പദ്ധതിയിൽ 3,20,550/-രൂപ ഔഷധിക്ക് കൈമാറിയതിൽ 2,21,612/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 98,938/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ട്.

<u>പ്രോജക്ട് നം.S020/17</u>

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി കേരളാ ഹോമിയോ മെഡിക്കൽ സർവീസസ് കോർപ്പറേഷന് 21.01.2017 ൽ 75,000/-രൂപ കൈമാറിയെങ്കിലും നാളിതു വരെ മരുന്ന് ഒന്നും ലഭ്യമായിട്ടില്ല.

മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം-4

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 <u>സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 150000 | - |

| | | | | |
|---|---|---|---|---|
| | 30000 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 30000 | - |
| ജില്ലാ പഞ്ചായത്ത് | 175275 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 175275 | - |
| | 139500 | ക്ഷീര സഹകരണ സംഘങ്ങൾക്ക് സബ്സിഡി | 139500 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റു വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം./ബിൽ നം | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുവപ്പടി ബ്ലോക്ക് പഞ്ചായത്ത് -മുടക്കുഴ ഗ്രാമ പഞ്ചായത്ത് പൈപ്പ് ലൈൻ നീട്ടൽ | 21601162 തീയതി 21.03.17 | 220000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കാഞ്ഞിരക്കോട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 21601056 തീയതി 28.02.17 | 25000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | പുളിഞ്ചോട് ഫാം റോഡ് പൈപ്പ് ലൈൻ നീട്ടൽ | 21601110& 21601108 തീയതി 13.03.17 | 208000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | മുത്തംകുളം റോഡ് പൈപ്പ് ലൈൻ നീട്ടൽ | 21601107 തീയതി 13.03.17 | 102000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | വെട്ടിയേലി നെടുങ്കണ്ണി മുണ്ടൻതുരുത്ത് | 21601106 തീയതി 13.03.17 | 100000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |

| | | | | |
|---|---|---|---|---|
| | റോഡ് പൈപ്പ് ലൈൻ നീട്ടൽ | | | |
| കേരള വാട്ടർ അതോറിറ്റി | 10ാം വാർഡ് കാഞ്ഞിരക്കോട് പൈപ്പ് ലൈൻ നീട്ടൽ | 21600967 തീയതി 04.02.17 | 88000 | പ്രവൃത്തി പൂർത്തിയായിട്ടില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ / വായ്പ തിരിച്ചടവ്

. ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി | GO(Rt) No. 564/10/lsgd തീ.8.3.10 22.02.2010 | 40,22,000 | 2,43,143 | 2,43,143 | 0 | 0 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 3.7.6 | മുൻകൂർ കൈപ്പറ്റിയ ശേഷം പൂർത്തിയാക്കാത്ത വേലകൾ | നിയമസഭാ സമിതിയുടെ ശുപാർശ പ്രകാരം ഖണ്ഡിക ഒഴിവാക്കി തീർപ്പാക്കി |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,93,47,355 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,52,25,339 |
| വരവിനങ്ങളിലുള്ള നഷ്ടം | : | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15,360 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | | 13,476/- | ശ്രീമതി. കെ. സി. അനിത, സെക്രട്ടറി |
| | | 1,884/- | ശ്രീ. കെ. എൻ. രമേശ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 15,360/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-4, 2-6

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഗേളി മേരി ജോർജ്ജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മാള ഗ്രാമപഞ്ചായത്ത് | കയ്യാലപറമ്പിൽ, ചങ്ങനാശ്ശേരി |
| ശ്രീമതി. കെ.സി.അനിത, സെക്രട്ടറി | സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | തീരം ഹൗസ്, കരുമാലൂർ പി.ഒ, എറണാകുളം |
| ശ്രീ. കെ എൻ രമേശ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുടക്കുഴ ഗ്രാമപഞ്ചായത്ത് | കോട്ടയംപുറത്ത്, ഇരിങ്ങോൾ പി.ഒ, പെരുമ്പാവൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015 തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10 തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10 തീയതി: 02.11.2011 |

| | |
|---|---|
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10<br>തീയതി: 02.11.2011 |
| 2007-2008 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ.(പി2)-1137/12<br>തീയതി: 12.09.2012 |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14<br>തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16<br>തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി2) 2245/16<br>തീയതി.10.01.2017 |

. അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1

നം. കെ.എസ്.എ -ഇ.കെ.എം(പി.2) 2026/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്
ഓഫീസ്, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്
പിൻ – 682030
ഫോൺ 0484-2422271
ഇ മെയിൽ – doekm.ksad@kerala.gov.in

തീയതി: 22/11/2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം

.

APPENDIX 1

No. KSA-EKM(P2)2026/2017

Kerala State Audit Department,
District
Audit Office, Ernakulam.
Civil Station, Kakkanadu
Pin – 682030
E-Mail : doekm.ksad@kerala.gov.in

Date: 22/11/2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mudakkuzha Grama Panchayat in Ernakulam District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of

accounts of Panchayats.

In my opinion, the Financial Statements of Mudakkuzha Gramapanchayath for the year 2016-17 properly presents the picture of income and expenditure.

.

Deputy Director